"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് – വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം തുറമുഖ കമ്പനി ഏറ്റെടുത്ത സ്ഥലത്തു നിന്നും വഴിക്കായി സ്ഥലം വിട്ടു നൽകിയത് – relinquishചെയ്ത് തദ്ദേശ സ്വയം ഭരണ വകുപ്പിന് കൈമാറുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കായുള്ള ഭൂമി AVPPL ൽ നിന്നും delicense ചെയ്യുന്നതിനും അനുമതി നൽകി – ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.99/2025/F&P തീയതി,തിരുവനന്തപുരം, 03-02-2025

---

പരാമർശം:-

1. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 02-11-2022-ാം തീയതിയിലെ VISL/2022-23/ALM/674, 14-11-2024-ാം തീയതിയിലെ VISL/38/2023-ALM/700 നം. കത്തുകൾ.
2. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 02-09-2024-ാം തീയതിയിലെ VISL/131/2023-ALM/475 നം. അർദ്ധഔദ്യോഗിക കത്ത്.
3. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ 7-ാമതും, 8-ാമതും യോഗ തീരുമാനങ്ങൾ
4. തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 27-11-2024-ാം തീയതിയിലെ യോഗതീരുമാനങ്ങൾ

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായി VISL ഏറ്റെടുത്ത വസ്തുക്കളിൽ ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചപ്പോൾ VISIL ന്റെ വസ്തുക്കൾക്ക് സമീപമുള്ള വസ്തു ഉടമകൾക്ക് സഞ്ചരിക്കുന്നതിന് വഴി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില സ്ഥലങ്ങളിൽ നാട്ടുകാർ തടസ്സം സൃഷ്ടിച്ചിരുന്നു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ 7-ാമതും 8-ാമതും യോഗത്തിൽ ഈ വിഷയം പരിശോധിക്കുകയും, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായി VISL ചുറ്റുമതിൽ കെട്ടുന്നതോടുകൂടി വസ്തുക്കളിൽ പ്രവേശിക്കുന്നതിന് തടസ്സം നേരിട്ട വസ്തുക്കളിലേയ്ക്ക് നിയമാനുസൃതം വഴി നൽകുവാനും, മറ്റുള്ളവയ്ക്ക് വഴി അനുവദിക്കേണ്ടതില്ലായെന്നും തീരുമാനിച്ചിരുന്നതായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, പരാമർശം 1 ലെ 02-11-2022-ാം തീയതിയിലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. വഴി തടസ്സപ്പെട്ടവർക്ക് 1.5 മീറ്റർ വീതിയിൽ VISL വഴി അനുവദിക്കുമ്പോൾ ഉടമസ്ഥർ അവരുടെ വസ്തുവിൽ നിന്നും 1.5 മീറ്റർ വീതിയിൽ വഴിയ്ക്കായി സ്ഥലം വിട്ടു നൽകണമെന്നും, ഏതെങ്കിലും ഭാഗത്ത് വസ്തു ഉടമസ്ഥർക്ക് സ്ഥലം വിട്ടു നൽകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ആ ഭാഗത്തു മാത്രം 3 മീറ്റർ വീതിയിൽ വഴി VISL വിട്ടു നൽകാനും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ 7-ാമതും 8-ാമതും യോഗത്തിൽ തീരുമാനിച്ചു. VISL വഴിയ്ക്കായി അനുവദിച്ച സ്ഥലം Relinquishment നടത്തി തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകുവാനും നിർദ്ദേശിച്ചു. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയ്ക്ക് ലൈസൻസ് ചെയ്ത് നല്കിയ ഭൂമിയിൽ നിന്നും VISL ഭൂമി ഏറ്റെടുത്താണ് വഴിയ്ക്കായി അനുവദിച്ച നല്കേണ്ടത്. അദാനി കമ്പനിയിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ, അതിനു പകരമായി തുറമുഖ അലൈൻമെന്റിനകത്തുള്ള സർക്കാർ പുറമ്പോക്കിൽ നിന്നും ഭൂമി വിട്ടു നൽകാവുന്നതാണെന്ന് VISL റിപ്പോർട്ട് ചെയ്തിരുന്നു. അലൈൻമെന്റിനകത്തുള്ള സർക്കാർ പുറമ്പോക്ക് വിവിധ സ്ഥലങ്ങളിലായിട്ടാണ് സ്ഥിതി ചെയ്യുന്നതെന്നും, ടി സ്ഥലം വിട്ടു കിട്ടുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് നടപടി

സ്വീകരിച്ചുവരുന്നതായി VISL പരാമർശം 1 -ലെ 02-11-2022-ാം തീയതിയിലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. വഴിക്കായി അനുവദിച്ച ഭൂമി ഭൂഉടമകൾ കൈയ്യേറാതിരിക്കുവാനായി ടി വഴി ഉൾപ്പെടുന്ന ഭൂമി തദ്ദേശ സ്വയം ഭരണ വകുപ്പിന് കൈമാറുന്നത് ഉചിതമായിരിക്കുമെന്നും വിഴിഞ്ഞം തുറമുഖ കമ്പനി റിപ്പോർട്ട് ചെയ്തിരുന്നു.

3. ഇതിന് പുറമേ വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി കോട്ടുകാൽ വില്ലേജിലും, വിഴിഞ്ഞം വില്ലേജിലും സ്ഥലം ഏറ്റെടുത്ത് വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനായി അനുവദിച്ച വസ്തുവിൽ പ്രവേശിക്കുന്നതിനായി വഴിക്കായി അനുവദിച്ച കോട്ടുകാൽ വില്ലേജിലെ 21.4 സെന്റ് സ്ഥലവും വിഴിഞ്ഞം വില്ലേജിലെ 48.125 സെന്റ് സ്ഥലവും Relinquishment ചെയ്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനായി VISL പരാമർശം 1-ലെ 14/11/2024-ാം തീയതിയിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി ഏറ്റെടുത്ത വസ്തുക്കളിൽ റസിഡൻഷ്യൽ ബിൽഡിംഗ് ഉള്ളവർക്ക് 5 സെന്റ് ഭൂമി വീതം പുനരധിവാസം നൽകുന്നതിന് 29-05-2010 തീയതിയിലെ G.O(Ms)No.42/2010/F&PD പ്രകാരം ഉത്തരവായതിൻപ്രകാരം 90 പേർക്ക് 5 സെന്റ് സ്ഥലം വീതം അനുവദിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള വസ്തു ഉടമകൾക്ക് പുനരധിവാസം നൽകുന്നതിനായി 1 ഏക്കർ 26.350 സെന്റ് സ്ഥലം ആവശ്യമുണ്ടെന്നും ടി സ്ഥലം AVPPL ന് ലൈസൻസ് ചെയ്ത് നൽകിയ സ്ഥലത്തു നിന്നും തിരികെ നൽകാമെന്നും AVPPL സമ്മതിച്ചതായി VISL അയിച്ചിരുന്നു. AVPPL ൽ നിന്നും delicense ചെയ്യുന്ന ടി സ്ഥലത്തിനു പകരമായി പോർട്ട് alignment ന് അകത്തുള്ള പുറമ്പോക്ക് ഭൂമി നൽകാവുന്നതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ, തുടർനടപടി ഉത്തരവിനായി പരാമർശം 2 -ലെ അർദ്ധഔദ്യോഗിക കത്ത് പ്രകാരം VISL അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച്, ഈ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വഴിക്കായി വിട്ടുനൽകിയിട്ടുള്ള താഴെപ്പറയുന്ന VISL വക വസ്തുക്കൾ വഴിക്കായി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

**<u>വിഴിഞ്ഞം വില്ലേജ്, ബ്ലോക്ക്: 14</u>**

| ക്രമ നം | സർവ്വേ നം | വഴിക്കായി വിട്ടുനൽകുന്ന സ്ഥലം |
|---|---|---|
| 1 | 606/4,3 | 1.2 |
| 2 | 612/11,13 | 18.302 |
| 3 | 612/9 | 2.36 |
| 4 | 756/19,20, 757/8,10,14 | 1.2 |
| 5 | 755/12,18, 753/1,2,3,6,17,24 | 13.35 |
| 6 | 284/3,4,14,25, 285/2,6,7,8,10,15,17,18, 286/12,19 | 11.9 |
| 7 | 756/19,20, 755/9, 757/5, 757/3, 757/14 | 0.825 |
| 8 | 606/5,6 | 48.125 |
| 9 | 605/47,40,39,41,38,37,6,44 | 13.255 |

**<u>കോട്ടുകാൽ വില്ലേജ്, ബ്ലോക്ക്:15&16</u>**

| ക്രമ നം | സർവ്വേ നം | വഴിക്കായി വിട്ടുനൽകുന്ന സ്ഥലം |
|---|---|---|
| | 253/31,32,33,34,256/6,10,11,12,16,17,257/2,17,20,21,262/2,7,8,25,27, 280/12,27,13, 61/6,7,12, 59/1, 58/10,27,28, 57/1, 56/1,5,18, 55/1,2, 54/2,3,18 | 12.8 |
| 2 | ബ്ലോക്ക് 15 - 113/9,10,11,12,15, 17/20,21, 118/1,8,9,10 ബ്ലോക്ക് 16 - 45/1,17,7,9, 46/2,22 | 9 |
| 3 | 250/17,18 | 2.795 |
| 4 | 35/16,18,19,20 | 21.4 |
| 5 | 123/2,4,5,6,8,9,10 | 10.6 |
| 6 | 113/9 | 4.75 |

6. ടി വസ്തുകൾ AVPPL ന് ലൈസൻസ് ചെയ്ത് നൽകിയവയായതിനാൽ AVPPL ൽ നിന്നും സർക്കാരിലേയ്ക്ക് delicense ചെയ്യുന്നതിനും VISL സർക്കാരിലേയ്ക്ക് ലീസ് നൽകിയ മേൽപ്പടി ഭൂമി ലീസ് റദ്ദ് ചെയ്ത് VISL ലേയ്ക്ക് നൽകുന്നതിനും ഉത്തരവാകുന്നു. ടി വസ്തുക്കൾ തദ്ദേശ സ്വയം ഭരണ വകുപ്പിലേയ്ക്ക് Relinquishment നടത്തുന്നതിന് എം.ഡി, VISL നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. വഴിക്കായി അനുവദിക്കുന്ന സ്ഥലത്തിന് പകരമായി തത്തുല്യമായ സ്ഥലം AVPPL ന് കൈമാറിയ തുറമുഖ അലൈൻമെന്റിനകത്തുള്ള പുറമ്പോക്ക് സ്ഥലത്തുനിന്നും AVPPL ന് ലൈസൻസ് ചെയ്തു നൽകുന്നതിനുള്ള തുടർനടപടി എം.ഡി, VISL സ്വീകരിക്കേണ്ടതാണ്.

7. പുനരധിവാസത്തിന് സ്ഥലം നൽകേണ്ടത് അത്യന്താപേക്ഷിതമായിതിനാൽ മുള്ളുമുക്ക് തലയ്ക്കോട് റോഡിന് സമീപത്തുള്ള AVPPL ന് കൈമാറിയിട്ടുള്ള വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് 14 ൽ സർവ്വേ നം. 606/2,4,5,7,11,15 എന്നീ സർവ്വേ നമ്പരുകളിൽ നിന്നും 1 ഏക്കർ 26.350 സെന്റ് സ്ഥലം AVPPL ൽ നിന്നും delicense ചെയ്യുന്നതിനും VISL സർക്കാരിലേയ്ക്ക് നൽകിയ ലീസ് ഡീഡ് റദ്ദാക്കുന്നതിനും പോർട്ട് അലൈൻമെന്റിനുള്ളിലുള്ള തത്തുല്യ പുറമ്പോക്ക് സ്ഥലം AVPPL ന് നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഐ&പി.ആർ.ഡി (വെബ്&ന്യൂ മീഡിയ) (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 03-02-2025 16:20:38

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്